**മലയാളത്തിന്റെ പ്രിയ കഥാകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് നിങ്ങളുമായി സംവദിക്കുന്നു**



# ശിഹാബ്ക്കയോട് ചോദിക്കാം

**പൊയ്ത്തുംകടവാണോ ശിഹാബ്ക്കയുടെ വീട്? അവിടെയാണോ വളർന്നതൊക്കെ? ശിഹാബ്ക്കയുടെ ബാല്യകാലാനുഭവങ്ങൾ പറയുന്ന പുസ്തകങ്ങൾ ഏതൊക്കെയാണ്?**

● റീമ ഹനാൻ എൻ.കെ
എ.കെ.കെ.ആർ ഗേൾസ് സ്കൂൾ
ചേളന്നൂർ

അതെ, പൊയ്ത്തുംകടവിൽത്തന്നെയാണെന്റെ വീട്. കണ്ണൂർജില്ലയിലെ വളപട്ടണത്തിനടുത്തുള്ള ഒരു ഗ്രാമമാണത്. പണ്ട് വയലുകളും കൃഷിയുമൊക്കെ ഉണ്ടായിരുന്നു. വളപട്ടണം പുഴയിൽനിന്ന് മീൻ ആളുകൾ പിടിച്ചിരുന്നു. ഇപ്പോൾ വയലെല്ലാം മണ്ണിട്ടു മൂടി. പുഴയും മലിനമായി. മീനുകൾ കുറഞ്ഞു. ചെറുപ്പക്കാരൊക്കെ ഗൾഫിൽ പോയി കുടുംബം പോറ്റുന്നു.

എന്റെ ബാല്യകാലാനുഭവങ്ങളെപ്പറ്റി വളരെ വിശദമായി ഇനിയും എഴുതിയിട്ടില്ല. എങ്കിലും 'ജീവപര്യന്തം' എന്ന പുസ്തകത്തിൽ കുറച്ചൊക്കെ കാര്യങ്ങൾ ഉണ്ട്. ഡി.സി ബുക്സ് ആണ് അത് പ്രസിദ്ധീകരിച്ചത്.

എന്റെ കൈയിൽ കോപ്പി ഇല്ലാതെ പോയി. ഉണ്ടെങ്കിൽ ഒരെണ്ണം റീമക്ക് അയച്ചുതരാമായിരുന്നു. ക്ഷമിക്കുമല്ലോ.

**എഴുത്തുകാരും കവികളും രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളാറുണ്ടല്ലോ. അതെപ്പറ്റി ശിഹാബ്ക്കയുടെ അഭിപ്രായം എന്താണ്?**

● ഹംദാൻ അഹ്മദ്,
മാതൃബന്ധു യുപി സ്കൂൾ, കക്കോടി

രാഷ്ട്രീയ താൽപര്യം എന്നു പറഞ്ഞാലെ

» ഗാന്ധിജിയുടെ ഘാതകന്റെ മുഴുവൻ പേര്– നാഥുറാം വിനായക് ഗോഡ്സെ

ന്താണ്? നമ്മോടൊപ്പം ജീവിക്കുന്ന മറ്റ് മനുഷ്യരുടെ പ്രയാസങ്ങളിൽ ഇടപെടുക, അവരോട് അനുതാപം പ്രകടിപ്പിക്കുക ഇതൊക്കെയാണ്. എല്ലാ മനുഷ്യരും സമന്മാരായി, തുല്യ സന്തോഷത്തോടെ ജീവിക്കുന്ന ഒരു കാലം സ്വപ്നം കാണുന്നവരാണ് യഥാർത്ഥ രാഷ്ട്രീയക്കാർ. എന്നാൽ നമ്മുടെ നാട്ടിൽ കക്ഷിരാഷ്ട്രീയമേ കാണാൻ കഴിയുന്നുള്ളൂ.

കക്ഷിരാഷ്ട്രീയം എന്നാൽ ഞാനും എന്റെ പാർട്ടിയും നേതാവും അതിന്റെ പ്രശ്നങ്ങളും എന്നാണ്. മറ്റു മനുഷ്യർക്കു വേണ്ടി ചിന്തിക്കുകയും നമ്മളെക്കാൾ താഴെയായിപ്പോയ മനുഷ്യരെ സഹായിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പണിയാണ് രാഷ്ട്രീയം. ആത്മീയതയും അതു തന്നെ.

നല്ല എഴുത്തുകാരിൽ ഭൂരിഭാഗം പേരും കക്ഷിരാഷ്ട്രീയത്തിൽ വിശ്വസിക്കുന്നില്ല. എന്നാൽ അവരിൽ രാഷ്ട്രീയ ചിന്തയുണ്ട്, പലർക്കും. നല്ല കവികളും എഴുത്തുകാരും മനുഷ്യ സമൂഹത്തിന് നല്ലതു വരാൻ ആഗ്രഹിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്നവരാണ്.

**എഴുത്തുകാർ കൊല്ലപ്പെടുകയും എഴുത്തുകാർക്കു പോലും ഭീഷണികൾ നേരിടേണ്ടി വരികയും ചെയ്യുന്നതിനെ പറ്റിയൊക്കെ പത്രത്തിലൂടെ അറിഞ്ഞു. ഇതെല്ലാം കേൾക്കുമ്പോൾ പേടിയാവുന്നു ശിഹാബ്ക്കാ.**

● സഫ്‌വാൻ. എം,
ഗവൺമെന്റ് ഹൈസ്കൂൾ, നരിക്കുനി

പണ്ടും ഇതൊക്കെ ഉണ്ടായിട്ടുണ്ട്. എഴുത്തുകാരെ മാത്രമല്ല, സത്യം പറഞ്ഞ ശാസ്ത്രജ്ഞരെയും തത്വചിന്തകരെയുമൊക്കെ അധികാരിവർഗം ഉപദ്രവിച്ചിട്ടുണ്ട്. ഭയപ്പെടേണ്ടതില്ല. ഭയം ഉണ്ടായാൽ നമ്മുടെ ഭാവന ചുരുങ്ങിപ്പോവുകയും എഴുത്ത് ദുർബലമാവുകയും ചെയ്യും. നല്ല എഴുത്തുകാർ സത്യത്തെ അന്വേഷിക്കുന്നവരാണ്. അപ്പോൾ കുറച്ച് ഉപദ്രവങ്ങളൊക്കെ ഉണ്ടാകും. അതത്ര കാര്യമാക്കരുത് എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

**പെൺകുട്ടികൾക്ക് എഴുത്തിന്റെ ലോകത്തേക്ക് വരുന്നതിൽ കുറെ തടസ്സങ്ങളുണ്ടെന്ന് വലിയ എഴുത്തുകാരികൾ പറയുന്നത് കേൾക്കാറുണ്ട്. ഇതിനെ എങ്ങനെ മറികടക്കും ശിഹാബ്ക്കാ.**

● നാജിയ മനാഫ്,
ചക്കാലക്കൽ ഹയർസെക്കന്ററി സ്കൂൾ
ചക്കാലക്കൽ, നരിക്കുനി

നാജിയയുടെ ചോദ്യം അസ്സലായി. നന്നായി എഴുതുന്ന ധാരാളം പെൺകുട്ടികളുണ്ട്. കുറേ കഴിഞ്ഞാൽ, പിന്നെ അവരെ കാണില്ല. എവിടെയാണ് പോയത് എന്ന് അന്വേഷിച്ചാൽ വിചിത്രമായ മറുപടിയാണ് കേൾക്കുക: കല്യാണം കഴിഞ്ഞതോടെ എഴുത്തു നിർത്തി. എങ്കിൽ എന്തേ കല്യാണം കഴിഞ്ഞാൽ ആണുങ്ങൾ എഴുത്ത് നിർത്താത്തത്? ഇക്കാര്യത്തെപ്പറ്റി നിങ്ങൾ പെണ്ണുങ്ങൾ ചിന്തിക്കണം.

ചിന്തിക്കുമ്പോൾ മറികടക്കാനുള്ള വഴിയും തെളിയും. നിങ്ങളുടെ സർഗാത്മക കഴിവുകൾ എന്തിന്റെ പേരിലായാലും ബലികഴിക്കാൻ സമ്മതിക്കരുത്. ഭാര്യ ഭർത്താവിനെയോ ഭർത്താവ് ഭാര്യയെയോ സർഗാത്മക പ്രവൃത്തിയിൽ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. കുടുംബത്തിനും സമൂഹത്തിനുമൊക്കെ ഈ ബാധ്യതയുണ്ട് എന്നതാണ് സത്യം. ✦

## ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.